**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1867** **04-02-2026 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ബസുകളുടെ കാലാവധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. യിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടെ എത്ര ബസുകൾക്കാണ് കാലാവധി കഴിഞ്ഞിട്ടും നിരത്തുകളിലൂടെ ഓടുന്നതിനായി കാലാവധി നീട്ടി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇതിന് ആധാരമായ സാഹചര്യം വിശദമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സിയി ൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടെ 1270 വാഹനങ്ങൾക്കാണ് (1117 എണ്ണം ബസ്സുകൾ + 153 എണ്ണം ബസ്സിതര വാഹനങ്ങൾ) കാലാവധി കഴിഞ്ഞിട്ടും നിരത്തുകളിലൂടെ ഓടുന്നതിനായി കാലാവധി നീട്ടി നൽകിയിട്ടുള്ളത്. മേൽ പ്രതിപാദിച്ച വാഹനങ്ങൾ നിരത്തിൽ നിന്ന് ഒഴിവാക്കണമെന്ന് കേന്ദ്ര മോട്ടോർ വാഹന ഭേദഗതിയുടെ അടിസ്ഥാനത്തിൽ ഒരുമിച്ച് സർവ്വീസിൽ നിന്നും മാറ്റേണ്ട സാഹചര്യമുണ്ടായാൽ ആയത് പൊതുജനങ്ങൾക്ക് യാത്രാക്ലേശവും കോർപ്പറേഷന് ഗുരുതര സാമ്പത്തിക പ്രതിസന്ധിയ്ക്ക് കാരണമാകാനും ഇടയാകും എന്നുള്ളതിനാലാണ് കാലാവധി നീട്ടി നൽകിയത്. |
| (ബി) | നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം ഗതാഗത വകുപ്പിൽ എത്ര വർഷം വരെ പഴക്കമുള്ള വാഹനങ്ങളാണ് പൊതുഗതാഗതത്തിന് ഉപയോഗിക്കുവാൻ അനുമതിയുള്ളത്; വിശദമാക്കുമോ; | (ബി) | സ.ഉ.(അച്ചടി) നം. 3/2026/TRANS തീയതി 20/01/2026 പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ, പൊതുമേഖല സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ രജിസ്ട്രേഷൻ കാലാവധി 20 വർഷം വരെയാണ് ഉപയോഗിക്കാൻ അനുമതിയുള്ളത്. |
| (സി) | കാലാവധി കഴിഞ്ഞ വാഹനങ്ങൾ ഉൾപ്പെടെ ബജറ്റ് ടൂറിസത്തിനായി ഉപയോഗിക്കുന്ന സാഹചര്യമുണ്ടോ; വ്യക്തമാക്കുമോ? | (സി) | കാലാവധി കഴിഞ്ഞ വാഹനങ്ങൾ ബജറ്റ് ടൂറിസത്തിന്റെ ആവശ്യത്തിലേയ്ക്കായി അനുവദിച്ച് നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ